(സി) സർക്കാരുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ള സ്വകാര്യ സ്വാശ്രയ കോളേജുകൾ മാനേജ്മെന്റ് സീറ്റുകളിലേക്ക് പ്രവേശനം നൽകുന്നതിന് അവലംബിച്ചിട്ടുള്ള മാനദണ്ഡവും രീതിയും ബഹു: സുപ്രീം കോടതിയുടെ TMA PAI Foundation Vs State of Karnataka (2002 8 Supreme Court Cases 481), Islamic Academy of Education Vs State of Karnataka (2003 6 Supreme Court Cases 697), P A Inaamdhar Vs State of Maharashtra (2005 6 Supreme Court Cases 537) എന്നീ കേസുകളുടെയും ബഹു: കേരള ഹൈക്കോടതിയിലെ താഴെ പറയുന്ന കേസുകളിലെ തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ കൈക്കൊണ്ടുവരുന്നു:

1. 2013 (3) KLT 316 (Kerala Private Medical College Management Association Vs ASC and Others).
2. W.P(C) No. 122/15 (Principal, Noorul Islam College Vs ASC and others).
3. 2011 (3) KLT 753 (Amina Nahna Vs State of Kerala and others).
4. WP(C) 9218/15 and connected W.P.(C)s (The Principal, Karuna Medical College and others)

(ഡി) അല്ല. മുൻവർഷം സർക്കാരുമായി കരാറൊപ്പിട്ട സ്വകാര്യ സ്വാശ്രയ കോളേജുകളെയായിരിക്കും ഇത്തവണയും അവർ കരാറൊപ്പിടുമെന്ന പ്രതീക്ഷയിൽ ഈ വർഷത്തെ മെഡിക്കൽ പ്രവേശനത്തിനുള്ള പ്രോസ്പെക്ടസിൽ ഉൾപ്പെടുത്തിയത്. 2016-ലെ എം.ബി.ബി.എസ്. പ്രവേശനവുമായി ബന്ധപ്പെട്ട് സ്വകാര്യ സ്വാശ്രയ കോളേജുകളുമായി ചർച്ചകൾ ആരംഭിച്ചിട്ടില്ല. ചർച്ച നടത്തി കരാറിലെത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

സ്വാശ്രയ മെഡിക്കൽ കോളേജുകൾക്കെതിരെ നടപടികൾ

53 (742) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ അലോട്ട്മെന്റ് നിരസിച്ച് ന്യൂനപക്ഷ പദവിയുടെ മറവിൽ ലക്ഷങ്ങൾ ഫീസും തലവരിയും കോഴയും ഈടാക്കി എം.ബി.ബി.എസ്. പ്രവേശനം നടത്തിയ സ്വാശ്രയ മെഡിക്കൽ കോളേജുകൾക്കെതിരെ നടപടികൾ ആരംഭിച്ചത് എപ്പോഴാണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2014-15 വർഷത്തിൽ സർക്കാർ അലോട്ട്മെന്റ് നടത്താമായിരുന്ന എത്ര എം.ബി.ബി.എസ്. സീറ്റുകൾ നഷ്ടപ്പെടുകയുണ്ടായി; 2015-16 ൽ നഷ്ടപ്പെട്ട സീറ്റുകൾ എത്ര;

(സി) സർക്കാരുമായി കരാറിലെത്താൻ തയാറാകാത്ത സ്വാശ്രയ കോളേജുകൾക്കെതിരെ യഥാസമയം നടപടി സ്വീകരിക്കാതിരുന്നത് ഫലത്തിൽ സ്വന്തം നിലയിൽ കോഴവാങ്ങി പ്രവേശനം നടത്താൻ സ്വാശ്രയ മാനേജ്മെന്റുകൾക്ക് അവസരം നൽകുകയായിരുന്നുവോ; കോളേജുകൾക്കെതിരെ നടപടി സ്വീകരിക്കാൻ മെഡിക്കൽ കൗൺസിലിന് കത്ത് നൽകിയത് എപ്പോൾ?

(ഡി) 2014-15-ൽ കരാറിലെത്താൻ വിമുഖത കാണിച്ച ഏതെങ്കിലും സ്വാശ്രയ കോളേജിന്റെ അംഗീകാരം പുതുക്കി നൽകാതിരിക്കാൻ സർക്കാർ ഇടപെടുകയുണ്ടായോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ?

ഉത്തരം

(എ) 2015-16 വർഷം സർക്കാർ പുറത്തിറക്കിയ മെഡിക്കൽ പ്രവേശനത്തിനായുള്ള പ്രോസ്പെക്ടസിൽ ഉൾപ്പെട്ടിട്ടുള്ള ഒരു സ്വാശ്രയ മെഡിക്കൽ കോളേജ് മാത്രമാണ് ന്യൂനപക്ഷ പദവിയുടെ പിൻബലത്തിൽ സർക്കാരുമായി കരാറിലേർപ്പെടാതെ സ്വന്തം നിലയ്ക്ക് പ്രവേശനം നടത്തിയിട്ടുള്ളത്. ഈ മെഡിക്കൽ കോളേജിനെതിരെ കർശന നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി Kerala Professional Colleges or institutions (Prohibition of capitation fee, regulation of admission, fixation of non-exploitative fee and other measures to ensure equity and excellence in professional education) Act 2006 (Act 19 of 2006)-ലെ 14 (1) വ്യവസ്ഥ പ്രകാരം നോട്ടീസ് നൽകുകയും പ്രസ്തുത കോളേജിലെ പ്രവേശനം ന്യൂനപക്ഷ പദവിക്കനുസൃതമായാണോ നടത്തിയിട്ടുള്ളതെന്ന് വിലയിരുത്തുവാൻ മിന്നൽ പരിശോധനകൾ നടത്തുവാനായി അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ മുൻവർഷം സർക്കാരുമായി കരാറിലേർപ്പെടാതെ മാറിനിൽക്കുന്ന മറ്റ് അഞ്ച് സ്വാശ്രയ മെഡിക്കൽ കോളേജുകൾക്കെതിരെയും നടപടി സ്വീകരിക്കുവാൻ സംസ്ഥാന സർക്കാർ ഇന്ത്യൻ മെഡിക്കൽ കൗൺസിലിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ബി) 2014-15 അധ്യയന വർഷത്തിൽ 325 സീറ്റുകളും 2015-16-ൽ 375 സീറ്റുകളും നഷ്ടപ്പെടുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

(സി&ഡി) യഥാസമയം നടപടി സ്വീകരിക്കുകയും 2014-15 അധ്യയന വർഷം സർക്കാരുമായി കരാറിലേർപ്പെടാതിരുന്ന സ്വാശ്രയ മെഡിക്കൽ കോളേജുകൾക്ക് സർക്കാർ നൽകി വന്നിരുന്ന സൗകര്യങ്ങൾ പിൻവലിച്ചുകൊണ്ട് 10-3-2015-ലെ സ.ഉ. (ആർ‌റ്റി.) 810/2015/അ.കു.വ. നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ആയതിന്മേൽ വേണ്ട നടപടികൾ സ്വീകരിക്കാൻ ഇന്ത്യൻ മെഡിക്കൽ കൗൺസിലിനോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ ഫ്രോഗ വിഭാഗവും കാത്ത് ലാബും ഏർപ്പെടുത്തുവാൻ നടപടി

54 (743) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ മുഴുവൻ സമയ ഫ്രോഗ വിഭാഗത്തിന്റെയും കാത്ത് ലാബിന്റെയും അഭാവം രോഗികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നത് ശ്രദ്ധിച്ചിട്ടുണ്ടോ;

(സി) ഇവിടെനിന്നും മറ്റ് ആശുപത്രികളിലേക്ക് റഫർ ചെയ്യപ്പെട്ട രോഗികൾ യാത്രാമദ്ധ്യേ മരണപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ മുഴുവൻ സമയ ഫ്രോഗ വിഭാഗവും കാത്ത് ലാബും ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) വാഹനാപകടത്തിൽ ഗുരുതര പരിക്കേറ്റ് എറണാകുളം മെഡിക്കൽ കോളേജിൽ പ്രവേശിപ്പിക്കുകയും അടിയന്തര ചികിത്സ നൽകിയശേഷം വിദഗ്ധ ചികിത്സയ്ക്കായി റഫർ ചെയ്യുകയും ചെയ്ത ഒരു രോഗി മരണപ്പെട്ടിട്ടുണ്ട്.

(ഡി) മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ വിശദമായ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly